നമ്പര 284/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു'' എന്ന് പറഞ്ഞ് ശിഷ്യൻമാർക്ക് നമ്മുടെ കർത്താവ് നൽകിയ ദൗത്യം പ. സഭയിലൂടെയാണ് ലോകത്ത് നിർവ്വഹിക്കപ്പെടേണ്ടത്. ദൈവകൃപയാൽ ആ ദൗത്യം നമ്മുടെ സഭയിലൂടെ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഗ്രഹകരമായി നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിൽ ദൈവത്തെ നമുക്ക് സ്തുതിക്കാം. അതോടൊപ്പം ബഹുദൂരം നാം മുന്നേറേണ്ടിയിരിക്കുന്നു എന്ന വസ്തുത വിസ്മരിക്കുവാനും പാടില്ല.

പ. സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് സഭാ മക്കൾക്കുള്ള അതീവ താല്പര്യമാണ് ഓരോ വർഷവും മിഷൻ സൺഡേ സംഭാവന വർദ്ധിക്കുവാൻ കാരണം. ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ 3,00,020.61 രൂപാ കൂടുതൽ ലഭിച്ചു. ആയതിൽ നിങ്ങൾ ഏവരേയും നാം അഭിനന്ദിക്കുന്നു; നമ്മുടെ സന്തോഷം അറിയിക്കുകയും ചെയ്യുന്നു.

ബാംഗ്ളൂരിനടുത്ത് കുനിഗലിൽ മരണാസന്നരായ എയ്ഡ്സ് രോഗികളെ പരിചരിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനും വേണ്ടി പുതുതായി പണിതുകൊണ്ടിരിക്കുന്ന പാലിയേറ്റീവ് കെയർ സെന്ററിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 40 ലക്ഷം രൂപാ അതിനാവശ്യമാണ്. യാച്ചാരം ബാലഗ്രാമിനോടനുബന്ധമായി പണിത വൃദ്ധഭവന്റെ ഒരു ഭാഗം പണി പൂർത്തീകരിച്ച് വൃദ്ധരെ പുനരധിവസിപ്പിച്ചുതുടങ്ങി. അവശേഷിക്കുന്ന നിർമ്മാണവും പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. കോട്ടയത്ത് കാരാപ്പുഴ തിരുവാതുക്കൽ എന്ന സ്ഥലത്ത് 10 -ാം ക്ലാസ് പാസ്സായ കുഞ്ഞുങ്ങൾക്ക് ഉപരിപഠനം നൽകുവാൻ ഒരു ബാലഗ്രാം പണിയുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിനായി ശ്രീ. വി. ജെ . ഏബ്രഹാം 40 സെന്റ് സ്ഥലം പരിശുദ്ധ സഭയ്ക്കുവേണ്ടി നമ്മുടെ പേരിൽ നൽകിയിട്ടുണ്ട്. അതിനോട് ചേർന്ന് കിടക്കുന്ന 33 സെന്റ് സ്ഥലം കൂടി വാങ്ങിയാൽ മാത്രമേ പ്രധാന റോഡിൽ നിന്ന് ഈ സ്ഥലത്തേയ്ക്ക് പ്രവേശിക്കുവാനുള്ള വഴി ഉണ്ടാക്കാൻ കഴിയൂ. 30 ലക്ഷം രൂപ രണ്ടുമാസത്തിനകം ഉണ്ടാകേണ്ടിരിക്കുന്നു ഇതിന്റെയെല്ലാം നടത്തിപ്പിനും വിജയത്തിനുമായി നിങ്ങൾ ഏവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണം.

(മറുപുറം)

പ്രിയരേ,

ഈ വർഷത്തെ മിഷൻ സൺഡേ ജൂലൈ 5-ാം തീയതിയാണ്. സഭാവകയായി നടത്തപ്പെടുന്ന സകല മിഷൻ പ്രവർത്തനങ്ങൾക്കുംവേണ്ടി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും, ഫണ്ട് സമാഹരണത്തിൽ മുൻ വർഷത്തെക്കാൾ അധികമായി സഹകരിക്കുകയും ചെയ്യണം. അന്നത്തെ കവർ പിരിവും, കാണിക്കയും, പള്ളിയിൽ നിന്നുള്ള പ്രത്യേക സംഭാവനയും ചേർത്ത് മിഷൻ ബോർഡ് പ്രസിഡണ്ട് സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പേർക്ക്, **സെന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര, 690103** എന്ന വിലാസത്തിൽ സെപ്തംബർ 30-നു മുമ്പായി അയച്ചു കൊടുക്കണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 ജൂൺ മാസം 10 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.